## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1743

05.12.2014 - ൽ മറുപടിക്ക്

### നീര ഉല്പാദനത്തിന് ലൈസൻസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേര കർഷക കൂട്ടായ്മകൾക്ക് നീര ഉല്പാദിപ്പിക്കുന്നതിന് അനുമതി നൽകുന്നതിനും അബ്കാരി നിയമത്തിലും ചട്ടത്തിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിനെക്കുറിച്ചും പഠിക്കാൻ 2013 ജനുവരി 15 ന് നിയമിച്ച സമിതി 2013 മെയ് 18 ന് സമർപ്പിച്ച റിപ്പോർട്ടിന്റെ ഉള്ളടക്കം വ്യക്തമാക്കുമോ;<br>ബി) ഇതനുസരിച്ച് 2013 സെപ്റ്റംബർ 23 ന് G.O. (MS) No.160/13 (നികുതി വകുപ്പ്) ഇറക്കിയിരുന്നോ;<br>സി) ഇതിനു ശേഷം 2014 ഫെബ്രുവരി 14 ന് GO(P) No.27/14 (നികുതി വകുപ്പ്) ഇറക്കിയ ഭേദഗതി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) ബി) & സി) | നീര കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ സംബന്ധിച്ച വിവരങ്ങളുടെ പകർപ്പ് ജി.ഒ.(എം.എസ്.) 160/13/നി.വ. യുടെ പകർപ്പ്, ജി.ഒ.(പി)27/14/നി.വ. യുടെ പകർപ്പ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) എത്ര സൊസൈറ്റികൾ ചേർന്നാണ് ഒരു ഫെഡറേഷൻ എന്നും എത്ര ഫെഡറേഷനുകൾക്ക് നീരയുല്പാദിപ്പിക്കാനുള്ള ലൈസൻസ് നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ; | ഡി) | 10 മുതൽ 25 വരെ നാളികേര ഉൽപ്പാദക സൊസൈറ്റികൾ ചേർന്നാണ് ഒരു നാളികേര ഉൽപ്പാദക ഫെഡറേഷൻ രൂപീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ സംസ്ഥാനത്താകെ നാളികേര ഉൽപ്പാദക ഫെഡറേഷനുകളുടെ 63 നീര യൂണിറ്റുകൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. |
| ഇ) 2014 മെയ് 13 ന് G.O(Ms)No.66/2014 (നികുതി വകുപ്പ്) പ്രകാരം ഫെഡറേഷനുകൾക്ക് എന്നതിനു പകരം സൊസൈറ്റികൾക്ക് ലൈസൻസ് നൽകുന്നു എന്ന പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| എഫ്) ഈ സാങ്കേതികത്വം കാരണം ഫെഡറേഷനുകൾക്ക് ലൈസൻസ് നിഷേധിക്കുന്നുവെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനും ഇതിലെ അവ്യക്തത തീർക്കുന്നതിനും നടപടി സ്വീകരിക്കുമോ? | എഫ്) | പരിശോധിച്ചിട്ടുണ്ട്. ഇത്തരം പരാതി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# ശുപാർശകൾ

1. വൃത്തിയും വെടിപ്പുമുള്ള കെട്ടിടങ്ങളിൽ കള്ളുഷോപ്പുകൾ നടത്തുക. നല്ല അന്തരീക്ഷത്തിൽ നാടൻ ഭക്ഷണവിഭവങ്ങളോടൊപ്പം കള്ളുഷാപ്പുകൾ പ്രവർത്തിക്കുകയാണെങ്കിൽ ഇതിന്റെ പ്രവർത്തനം സുഗമമായി നടക്കുന്നതാണ്.
2. വർഷത്തിലൊരിക്കലുള്ള കള്ളുഷാപ്പുകളുടെ വില്പന സമ്പ്രദായം മാറ്റി അത് മൂന്ന് വർഷത്തിലൊരിക്കലാക്കുക.
3. ടൂറിസ്റ്റ് കേന്ദ്രങ്ങളിലും താലൂക്ക് ആസ്ഥാനങ്ങളിലും മറ്റ് തെരഞ്ഞെടുത്ത കേന്ദ്രങ്ങളിലും റ്റോഡി പാർലറുകൾ ആരംഭിക്കുക. റ്റോഡി പാർലർ നടത്തുന്ന കെട്ടിടങ്ങൾക്ക് അത്യാവശ്യം വേണ്ട മാനദണ്ഡങ്ങൾ എക്സൈസ് വകുപ്പ് ഏർപ്പെടുത്തണം. തെരഞ്ഞെടുക്കുന്ന കള്ളു ഷോപ്പുകളെയും റ്റോഡിപാർലർ ആക്കി മാറ്റാവുന്നതാണ്.
4. കള്ളു വ്യവസായത്തിൽ പ്രവർത്തിക്കുന്ന ചെത്ത് തൊഴിലാളികൾക്ക് ആവശ്യമായ വേതനവും തൊഴിൽ സുരക്ഷിതത്വവും ലഭ്യമാക്കുക.
5. തെങ്ങ് ചെത്തുന്നതിന് ശാസ്ത്രീയമായ പരിശീലനം ഏർപ്പെടുത്തുക. അതിന് കാർഷിക സർവ്വകലാശാലയുടെയും നാളീകേര വികസന ബോർഡിന്റെയും, കൃഷി വകുപ്പിന്റെയും സഹകരണം തേടാവുന്നതാണ്.
6. കള്ളുഷോപ്പുകളിൽ കൂടി ശുദ്ധമായ കള്ള് ലഭ്യമാക്കുക. സർക്കാർ 22-11-2011 ൽ നിയമിച്ച ടെക്കിനിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാക്കി സത്വര നടപടി സ്വീകരിക്കുക.
7. കള്ള് ഉല്പാദനത്തിന് ഉയരംകുറഞ്ഞ അത്യുല്പ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വികസിപ്പിച്ചെടുക്കുക. കേര കൃഷി പ്രോത്സാഹിപ്പിക്കുക.

8. ഫെഡറേറ്റു ചെയ്തിട്ടുള്ള നാളികേര ഉല്പാദന സൊസൈറ്റികളേയും, അവയുടെ ഫെഡറേഷനുകളേയും, പ്രൊഡ്യൂസർ കമ്പിനികളേയും, നീര ഉല്പാദനവും അതിൽ നിന്നുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും, സംസ്ക്കരണവും, വിതരണവും നടത്തുവാൻ അനുവദിക്കാവുന്നതാണ്. ഈ സൊസൈറ്റികൾ നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സി. പി. എസ്സുകളിൽ നിന്നും ഫെഡറേഷനുകളിൽ നിന്നും വ്യക്തമായ പ്രൊജക്ട് റിപ്പോർട്ട് ലഭ്യമാക്കി നിലവിൽ ഉള്ള നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തി നീരയുടെ ഉല്പാദനത്തിന് അനുമതി നൽകാവുന്നതാണ്. കേരശ്രീ ക്ലസ്റ്റേഴ്സ് സംഘടനകൾ ഫെഡറേറ്റ് ചെയ്യപ്പെടുകയാണെങ്കിൽ നീര ഉത്പാദനം അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്. കള്ള് ചെത്ത് മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത ചെത്തുതൊഴിലാളികളെ നീര ചെത്തുന്നതിനായി ഉപയോഗിക്കേണ്ടതാണ്. കൂടുതൽ തൊഴിലാളികൾ ആവശ്യമുള്ളപക്ഷം ആവശ്യമായ പരിശീലനം നൽകി പുതിയ തൊഴിലാളികളെ കണ്ടെത്താവുന്നതാണ്. നീര ചെത്തു മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ തൊഴിലാളികളേയും കേരളാ കള്ള് ചെത്തു തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം നടപ്പിലാക്കുമ്പോൾ കള്ള് ചെത്ത് മേഖലയിൽ ഇപ്പോൾ പണിയെടുക്കുന്ന അംഗീകൃത തൊഴിലാളികളേയും നീര ഉല്പാദനത്തിലും മറ്റ് പ്രവർത്തനങ്ങളിലും ഭാഗഭാക്കാക്കേണ്ടതാണ്.

9. നീരയുടെ ഉല്പാദനവും, വിപണനവും കള്ള് ചെത്ത് വ്യവസായത്തിലെ തൊഴിലാളി സമിതികളെയും ഏല്പിക്കാവുന്നതാണ്. നീരയുടെ സംഭരണത്തിനും സംസ്ക്കരണത്തിനുമായി പ്രത്യേക സംസ്ക്കരണ ശാലകൾ ആവ

ശ്യമാണ്. ഒരു കാരണവശാലും ഒരു കള്ളു ഷോപ്പിന്റെ ഭാഗമായി നീര സംഭരണ യൂണിറ്റുകൾ അനുവദിക്കാൻ പാടുള്ളതല്ല.

10. നിലവിലുള്ള "Issue of Licence for drawing Sweet Toddy" (NEERA) റൂൾസിൽ ആവശ്യമായ ഭേദഗതികൾ വരുത്തി നീരയുടെ ഉല്പാദനവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും അനുവദിക്കാൻ സാധിക്കുന്നതാണ്. നീരയുടെ ഉല്പാദനത്തിനായി ടി ചട്ടത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം എക്സൈസ് വകുപ്പിൽ നിന്ന് ലൈസൻസ് എടുക്കേണ്ടതാണ്. നീരയുടെ ഉല്പാദനത്തിനായി ഏതെല്ലാം തെങ്ങുകളാണ് ചെത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് കാണിച്ച് എക്സൈസ് വകുപ്പിന് അപേക്ഷ നൽകിയാൽ മതിയാകും. എക്സൈസ് വകുപ്പ് ഈ അപേക്ഷയിൻമേൽ ചെത്ത് വൃക്ഷങ്ങൾ മാർക്ക് ചെയ്ത് ചെത്തുവാനുള്ള പെർമിറ്റ് നൽകുന്നതാണ്. ഒരു വിധത്തിലുള്ള ഫീസും/ വൃക്ഷക്കരവും ഈടാക്കുവാൻ ഇപ്പോൾ വ്യവസ്ഥയില്ല. ആരംഭഘട്ടം എന്ന നിലയിൽ, നിലവിലുള്ള സ്ഥിതി തുടരാവുന്നതാണ്. നീരയുടെ ഉല്പാദനം നിയമപരമായിട്ടാണ് നടക്കുന്നത് എന്ന് ഉറപ്പ് വരുത്തുവാൻ എക്സൈസ് വകുപ്പിന്റെ മേൽനോട്ടം ആവശ്യമാണ്.

11. കള്ള് ചെത്ത് വ്യവസായത്തിന്റെ ആധുനികവത്ക്കരണത്തിനും, നീരയുടെ ഉല്പാദനത്തിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിനുമായി കള്ള്-നീര വികസന ബോർഡ് സംസ്ഥാനതലത്തിൽ രൂപീകരിക്കേണ്ടതാണ്. കള്ള്-നീര വികസന ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഫണ്ടു സ്വരൂപിക്കുവാൻ സംസ്ഥാനത്ത് വിൽക്കുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിൽ 1 ലിറ്ററിന് ഒരു രൂപ നിരക്കിൽ സെസ് ഏർപ്പെടുത്താവുന്നതാണ്.

[redacted]

സെക്ഷൻ ഓഫീസർ

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

## സംഗ്രഹം

നികുതി വകുപ്പ് - എക്സൈസ് - സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (ജി) വകുപ്പ്

ജി.ഒ.(എം.എസ്.) നം.160/13/നി.വ. തീയതി, തിരുവനന്തപുരം, 23-09-2013

പരാമർശം : 1) 15-01-13-ലെ, ജി.ഒ.(ആർ.റ്റി.) നം.38/2013/നി.വ

2) എക്സൈസ് കമ്മീഷണർ അദ്ധ്യക്ഷനായ ഉന്നതതല കമ്മിറ്റി സമർപ്പിച്ച പഠന റിപ്പോർട്ട്.

## ഉത്തരവ്

സംസ്ഥാനത്തെ കള്ളു വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം നിർദ്ദേശിക്കാനും, നീര ഉല്പാദനം സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും, പരാമർശം (1) പ്രകാരം നിയമിതമായ ഉന്നതതല കമ്മിറ്റി 18-05-2013ൽ സമർപ്പിച്ച റിപ്പോർട്ടിൽ, (i) നീര ഉല്പാദനം, വിതരണം എന്നിവ അബ്കാരി നിയമങ്ങൾ അനുസരിച്ച് എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിലാക്കി നിലവിലെ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുക, (ii) കള്ളുഷാപ്പുകൾ വില്പന നടക്കാത്തതിനാൽ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഒന്നിൽ കൂടുതൽ യൂണിറ്റുകൾക്കും, മറ്റ് ജില്ലകളിൽ ഓരോ യൂണിറ്റിനും, നീര ഉല്പാദിപ്പിക്കുന്നതിന്, പരീക്ഷണാടിസ്ഥാനത്തിൽ, നാളികേര വികസന ബോർഡിന് കീഴിലുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സമിതി /സൊസൈറ്റി (CPS), ഫെഡറേഷൻ എന്നിവർക്ക് അനുമതി നൽകുക, (iii) കള്ള് ചെത്ത് മേഖലയിലുള്ളവർക്ക് നീര ചെത്തുന്നതിൽ മുൻഗണന നൽകുക, തൊഴിലാളികൾ ലഭ്യമല്ലെങ്കിൽ ട്രെയിനിംഗ് നൽകി നീര ടെക്നീഷ്യൻസിനെ നിയോഗിക്കുക, ഇത്തരത്തിലുള്ളവരെയും KTWWFൽ അംഗങ്ങളാക്കുക, എന്നാൽ കള്ളുഷാപ്പുകളിൽ നീര വിൽപ്പന നടത്താൻ പാടില്ല, (iv) റ്റോഡി-നീര ബോർഡ് രൂപീകരിക്കുക എന്നിവ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, നീരയുടെയും അതിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും ഉത്പാദനത്തിനും വിതരണത്തിനും, ചുവടെ പറയുന്ന വ്യവസ്ഥകളനുസരിച്ച്, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

i. നീരയുടെ ഉല്പാദനം, വിതരണം എന്നിവ പ്രായോഗികമാക്കുന്നതിന് അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തും.

ii. കള്ളുഷാപ്പുകൾ വില്പന നടക്കാത്തതിനാൽ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ ഒന്നിൽ കൂടുതൽ യൂണിറ്റുകൾക്കും, മറ്റ് ജില്ലകളിൽ ഓരോ യൂണിറ്റിനും, നീര ഉല്പാദിപ്പിക്കുന്നതിന്, പരീക്ഷണാടിസ്ഥാനത്തിൽ, നാളികേര

വികസന ബോർഡിന് കീഴിലുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സമിതി / സൊസൈറ്റി (CPS), ഫെഡറേഷൻ എന്നിവയ്ക്ക് അനുമതി നൽകും.

iii. കള്ള് ചെത്ത് മേഖലയിലുള്ളവർക്ക് നീര ചെത്തുന്നതിൽ മുൻഗണന നൽകുകയും, ആവശ്യത്തിന് തൊഴിലാളികൾ ലഭ്യമല്ലെങ്കിൽ, ട്രെയിനിംഗ് നൽകി നീര ടെക്നീഷ്യൻസിനെ നിയോഗിക്കുകയും ചെയ്യാവുന്നതാണ്. ഇത്തരത്തിലുള്ളവരെയും കള്ള് ചെത്തു തൊഴിലാളിക്ഷേമനിധിയിൽ അംഗങ്ങളാക്കുകയും ചെയ്യേണ്ടതാണ്.

iv. കള്ളുഷാപ്പുകളിൽ നീര വില്പന നടത്താൻ പാടില്ല.

v. റ്റോഡി-നീര ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നികുതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ.അജിത് കുമാർ
സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ, കെ.എസ്.ബി.സി., തിരുവനന്തപുരം.
3. ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം.
4. ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി.
5. അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് /എ& ഇ) കേരളം, തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ്.
7. വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ.

കേരള സർക്കാർ

<u>സംഗ്രഹം</u>

നികുതി വകുപ്പ് – എക്സൈസ് - നാളികേര-നീര ബോർഡ് രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (ജി) വകുപ്പ്

ജി.ഒ. (എം.എസ്) നം.66/2014/നി.വ. തിരുവനന്തപുരം, തീയതി, 13/05/2014.

പരാമർശം:- 1. 23/09/2013- ലെ, ജി.ഒ. (എം.എസ്) നമ്പർ 160/2013/നി.വ.
2. 27/09/2013- ലെ, ജി.ഒ. (ആർ.റ്റി) നമ്പർ 764/2013/നി.വ.

## ഉത്തരവ്

സംസ്ഥാനത്ത് കള്ള്ചെത്ത് വ്യവസായം നേരിടുന്ന പ്രതിസന്ധിയെയും, നീര ഉല്പാദനം ആരംഭിക്കുന്നതിനെക്കുറിച്ചും പഠനം നടത്തുന്നതിന് രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്ത് നീരയുടെ ഉത്പാദനത്തിനും വിതരണത്തിനും വ്യവസ്ഥകളനുസരിച്ച് അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവാകുകയുണ്ടായി. നീരയുടെയും മറ്റ് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും ഉത്പാദനം, വിതരണം എന്നിവ പ്രായോഗികമാക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാനത്ത് റ്റോഡി-നീര ബോർഡ് രൂപീകരിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നികുതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുകയുണ്ടായി. ഇക്കാര്യത്തിൽ തൊഴിലാളി യൂണിയൻ പ്രതിനിധികളും, ഉദ്യോഗാനുദ്യോഗസ്ഥരുമായും നടത്തിയ ചർച്ചയിലുരിത്തിരിഞ്ഞുവന്ന വ്യവസ്ഥകൾക്ക് വിധേയമായി, എക്സൈസ് കമ്മീഷണർ ചെയർമാനും, ഒരു ജോയിന്റ് എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ആയും ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവർ അംഗങ്ങളായും റ്റോഡി-നീര ബോർഡ് രൂപീകരിക്കുന്നതിനും ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ വകയിരുത്തുന്നതിനും ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൂടുതൽ ആദായകരമായി തെങ്ങ് കൃഷി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷക സഹകരണ സംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യ പാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തി ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി നാളികേര-നീര ബോർഡ് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) കാർഷികോൽപാദന കമ്മീഷണർ - ചെയർമാൻ

2) എക്സൈസ് കമ്മീഷണർ - ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

(ii) യോഗ്യതയുടെയടിസ്ഥാനത്തിൽ, സംസ്ഥാനത്ത് നിലവിലുള്ള കർഷകരുടെ 173 സൊസൈറ്റികളിൽ 16 സൊസൈറ്റികൾക്കുമാത്രം ലൈസൻസ് നൽകിയിട്ടുള്ളതിനാൽ, ബാക്കി സൊസൈറ്റികൾക്ക് ആവശ്യാനുസരണം ലൈസൻസ് നൽകുന്നതിനുള്ള നടപടി എക്സൈസ് വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(iii) നാളികേര നീര ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി ഫണ്ട് ലഭ്യമാക്കുന്നതിന് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),

എ.അജിത് കുമാർ
സെക്രട്ടറി.

1. കാർഷികോൽപാദന കമ്മീഷണർ, തിരുവനന്തപുരം.
2. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
3. ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി.
4. മാനേജിംഗ് ഡയറക്ടർ, കെ.എസ്.ബി.സി., തിരുവനന്തപുരം.
5. ഡയറക്ടർ, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി
6. ഡയറക്ടർ, കേരള കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ.തിരുവനന്തപുരം.
7. പൊതുഭരണ (എസ്സി) വകുപ്പ്. (05-03-2014-ലെ മന്ത്രിസഭാ യോഗത്തിന്റെ ഇനം 5076 പ്രകാരം)
8. അഗ്രി (ഫാംസ്) വകുപ്പിന്.
9. ഐ. & പി.ആർ.ഡി. (പ്രസിദ്ധീകരണത്തിനായി).
10. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ